ഉത്തരം

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന തൊഴിലാളി ക്ഷേമനിധി സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു:

1. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്
2. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്
3. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്
4. കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്
5. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്
6. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്
7. കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ്
8. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്
9. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്
10. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്
11. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്
12. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

ഓരോ ക്ഷേമനിധിബോർഡിലും നൽകുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച വിശദവിവരം ശേഖരിച്ചുവരുന്നു.

(ബി) ആവശ്യമായ ഘട്ടങ്ങളിൽ നിരക്കുകൾ പരിഷ്ക്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അതാത് ബോർഡുകൾക്ക് പരിഗണിക്കാവുന്നതും നിർദ്ദേശങ്ങൾ സമർപ്പിക്കാവുന്നതുമാണ്.

ഇടുക്കി ജില്ലയിൽ തൊഴിൽ വകുപ്പിന്റെ വികസന പദ്ധതികൾ

26 [1345] *ശ്രീ. ഇ. എം. അഗസ്തി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിൽ വകുപ്പ് ഇടുക്കി ജില്ലയിൽ എന്തെല്ലാം വികസന പദ്ധതികളാണ് ആവിഷ്ക്കരിച്ചു നടപ്പിലാക്കിയതെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ ഇപ്പോഴും തുടർന്നുവരുന്ന പദ്ധതികളും നടപ്പിലാക്കിയ പദ്ധതികളും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളും ഏതെല്ലാമാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) ഇടുക്കി ജില്ലയുടെ വികസനത്തിനുവേണ്ടി തൊഴിൽ വകുപ്പു മുഖേന പ്രത്യേക പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല. ദുരിതമനുഭവിക്കുന്ന തോട്ടം തൊഴിലാളികൾക്കുവേണ്ടി ഹാബിറ്റാറ്റ് ഹൗസിംഗ് സ്കീം എന്ന പദ്ധതി തയ്യാറാക്കി വരുന്നു. തോട്ടം തോഴിലാളികളുടെ ദുരിതനിവാരണത്തിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും ആരോഗ്യരക്ഷയ്ക്കും മറ്റുമായി നിരവധി സമാശ്വാസ നടപടികൾ തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു.

ബീഡി തൊഴിലാളികളുടെ വീട് നിർമ്മാണ പദ്ധതി

27 [1346] *ശ്രീ. വർക്കല കഹാർ:*
,, *ടി. യു. രാധാകൃഷ്ണൻ:*
,, *എം. മുരളി:*
,, *എം. കെ. പോൾസൺ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബീഡി തൊഴിലാളികൾക്ക് വീട് നിർമ്മിക്കുന്നതിനായുള്ള നവീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ പദ്ധതിയനുസരിച്ച് ഇതുവരെ എത്ര ബീഡി തൊഴിലാളികൾ വീടിനായി അപേക്ഷ സമർപ്പിച്ചു;

(സി) ഈ പദ്ധതിയെക്കുറിച്ച് തൊഴിലാളികൾക്കിടയിൽ വമ്പിച്ച പ്രചരണം നൽകുമോ?

ഉത്തരം

(എ) ബീഡി തൊഴിലാളികൾക്ക് വീട് നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി കേന്ദ്ര സർക്കാർ നടപ്പാക്കിവരുന്നു. ഇതിന്റെ അപേക്ഷകൾ കളക്ടറേറ്റുകൾ വഴിയാണ് സ്വീകരിക്കുന്നത്. കേളത്തിൽ കണ്ണൂരിലുള്ള കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള അസിസ്റ്റന്റ് ലേബർ കമ്മീഷണർ ആഫീസ് വഴിയാണ് ഇതു

LIBRARY ARCHIVES Kerala Legislative Assembly